**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6764** **11-07-2024 - ൽ മറുപടിയ്ക്ക്**

**ചാക്കോച്ചിറ ദേശ നിവാസികളായ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുകുന്ദപുരം താലൂക്ക് തെറവ് വില്ലേജിലെ ചാക്കോച്ചിറ നിവാസിയായ ജോജി. സി. ആർ., ചാലേക്കൽ വീട് പുതുക്കാട്, പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ചാക്കോച്ചിറയിലുള്ള അർഹരായ അപേക്ഷകർക്ക് പട്ടയം നല്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (എ) | മുകുന്ദപുരം താലൂക്ക് തെറവ് വില്ലേജിലെ ജോജി. സി. ആർ. ഉൾപ്പെടെയുള്ള ചാക്കോച്ചിറ നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനായി ബി.ടി.ആർ. പ്രകാരം കുളം പുറമ്പോക്ക് ആയ അപേക്ഷാ ഭൂമി പഞ്ചായത്തിൽ നിന്നും റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്തു ലഭിക്കുന്നതിന് ആവശ്യമായ രേഖകളെല്ലാം പുതുക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ